11431
16/11/20

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ജീവനക്കാര്യം - കേരള ഈറ്റ , കാട്ടുവള്ളി ,തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. മിനി.എം. എൻ, ശ്രീമതി. അനിത. ടി. ജി എന്നിവരെ സ്ഥിരപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ഡി)വകുപ്പ്**

സ.ഉ.(കൈ)നം.52/2020/തൊഴിൽ തീയതി, തിരുവനന്തപുരം: 06/11/2020

---

പരാമർശം :- 1 03/03/2018-ലെ സ.ഉ.(അച്ചടി) നം.31/18 ധന നമ്പർ ഉത്തരവ്

2 കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22/03/2018-ലെ 492/18 നമ്പർ കത്ത്

**ഉത്തരവ്**

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ പത്തു വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. മിനി.എം. എൻ, ശ്രീമതി. അനിത. ടി. ജി എന്നിവരെ ബോർഡിൽ സ്ഥിരപ്പെടുത്തണമെന്ന് പരാമർശ കത്ത് പ്രകാരം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ദിവസവേതനാടിസ്ഥാനത്തിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ ജോലിനോക്കി വരുന്ന ശ്രീമതി. മിനി.എം. എൻ, ശ്രീമതി. അനിത. ടി. ജി എന്നിവരെ,ഒരു പ്രത്യേക കേസായി പരിഗണിച്ച്, ബോർഡിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിലുള്ള തുടർ നടപടികൾ ലേബർ കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സത്യജിത് രാജൻ**
അഡീഷണൽ ചീഫ് സെക്രട്ടറി.

ലേബർ കമ്മീഷണർ തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, ബാംബൂ കോർപ്പറേഷൻ ബിൽഡിംഗ്, അങ്കമാലി സൗത്ത് പി.ഒ, എറണാകുളം. 683 573

ശ്രീമതി. മിനി.എം. എൻ, (കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന)

ശ്രീമതി. അനിത. ടി. ജി, (കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം

പൊതുഭരണ എസ്.സി.വകുപ്പ് (ഇനം നം.4288 തീയതി 21.10.2020)

ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ.

കരുതൽ ശേഖരം / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 21-10-2020

ഫയൽ നം. ഡി1/160/2018/തൊഴിൽ. ഇനം നം: 4288

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് - ദിവസവേതനാടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. മിനി എം. എൻ., ശ്രീമതി. അനിത ടി. ജി. എന്നിവരെ സ്ഥിരപ്പെടുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (എ) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

21/10/2020

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. ഡി1/160/2018/തൊഴിൽ |
| 2 | വകുപ്പ് | : | തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് |
| 3 | വിഷയം | : | കേരള ഈറ്റ , കാട്ടുവള്ളി , തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് ദിവസവേതനാടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി മിനി.എം. എൻ, ശ്രീമതി. അനിത. ടി. ജി എന്നിവരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : | 20.04.2020 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതെ |
| | ii. സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്. | : | ശ്രീമതി.ലീമാ മാനുവൽ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്. | : | ശ്രീ.സത്യജിത്ത് രാജൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 07.10.2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 16.10.2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്. | : | ശ്രീ. ടി.പി.രാമകൃഷ്ണൻ |
| 13 | മന്ത്രിസഭയക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 17.10.2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 19.10.2020 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി. | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ദിവസവേതനാടിസ്ഥാനത്തിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. മിനി.എം. എൻ, ശ്രീമതി. അനിത. ടി. ജി എന്നിവരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കേരള ഈറ്റ , കാട്ടുവള്ളി , തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടർച്ചയായി 14 വർഷം സേവനമനുഷ്ഠിച്ചിട്ടുള്ള ശ്രീമതി മിനി . എം . എൻ-നേയും 11 വർഷം സേവനമനുഷ്ഠിച്ചിട്ടുള്ള ശ്രീമതി. അനിത. ടി. ജി യേയും സ്ഥിരപ്പെടുത്തുന്നതിന് സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിന് 09.03.2018- ൽ കൂടിയ ഡയറക്ടർ ബോർഡ് യോഗം ഐകകണ്ഠേന തീരുമാനിക്കുകയുണ്ടായി. 1998- ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്ട് പ്രകാരം ഈറ്റ, കാട്ടുവള്ളി തഴ തൊഴിലാളികളുടെയും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടവരുടെയും കുടുംബത്തിൽ നിന്നുള്ള അപേക്ഷകർക്ക് നിയമനം നൽകുന്നതിനായി 50% തസ്തികകൾ സംവരണം ചെയ്യേണ്ടതുണ്ടെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരമ്പരാഗത ഈറ്റ തൊഴിലാളി കുടുംബത്തിൽ നിന്നുള്ള ശ്രീമതി മിനി . എം . എൻ , ശ്രീമതി അനിത ടി . ജി എന്നിവരെ ബോർഡിൽ സ്ഥിരപ്പെടുത്തണമെന്ന് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യപ്പെട്ടിരുന്നു. കൂടാതെ ടി ജീവനക്കാരെ സ്ഥിരപ്പെടുത്തുമ്പോൾ എൽ.ഡി ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ശമ്പള സ്കെയിൽ പ്രകാരം പ്രതിമാസം 24,050/-(BP 19000+20%DA+HRA 1250) രൂപ വെച്ച് രണ്ടുപേർക്കുമായി ഒരു വർഷം 5,77,200/-രൂപയുടെ സാമ്പത്തിക ബാധ്യത ഉണ്ടാവുമെന്നും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

3) പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

"1998-ലെ കേരള ഈറ്റ കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി ആക്ട് Rule 9 (എ) , State of Karnataka V.Umadevi (AIR 2006 SC 1806) കേസിലെ ബഹു. സുപ്രീം കോടതി വിധിയുടെ എന്നിവയുടെ അടിസ്ഥാനത്തിലുള്ള നിയമ വകുപ്പിന്റെ അഭിപ്രായം സഹിതം ഫയൽ സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു".

4) ഈ വിഷയത്തിൽ നിയമ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി

"കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ദിവസവേതനാടിസ്ഥാനത്തിൽ എൽ.ഡി ക്ളാർക്കുമാരായി ജോലി ചെയ്തു വരുന്ന ശ്രീമതി മിനി . എം . എൻ , ശ്രീമതി അനിത ടി . ജി എന്നിവരെ സേവനത്തിൽ സ്ഥിരപ്പെടുത്തുന്നത് 1998- ലെ കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ആക്ട് പ്രകാരവും ബഹു.സുപ്രീം കോടതിയുടെ ഉമാദേവി കേസിലെ [State of Karnataka V.Umadevi (AIR 2006 SC 1806)] വിധിന്യായ പ്രകാരവും പരിശോധിച്ച് അഭിപ്രായം ആരായുന്നതിനാണ് ഫയൽ ഈ വകുപ്പിന് കൈമാറിയിട്ടുള്ളത്.

1998-ലെ കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ആക്ടിലെ 9-ാം വകുപ്പ് താഴെപ്പറയും പ്രകാരമാണ്

"9. ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനം- (1) സർക്കാരിന് ഈ ആക്ട് പ്രകാരം ബോർഡിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുവാൻ ബോർഡിനെ സഹായിക്കുന്നതിന് ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും ആവശ്യമെന്ന് അവർ കരുതുന്നത്ര മറ്റ് ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(2) (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും മറ്റ്

ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും നിയമന രീതിയും വ്യവസ്ഥകളും സർക്കാരിനാൽ നിർണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) നേരിട്ടുള്ള നിയമനം വഴി നിയമനം നടത്തപ്പെടുന്ന ബോർഡിന്റെ കീഴിലുള്ള സർവ്വീസിലെ തസ്തികകളുടെ സംഗതിയിൽ,-

(എ) ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളികളുടെയും സ്വന്തമായി തൊഴിലിലേർപ്പെട്ടവരുടെയും കുടുംബത്തിലുള്ള അപേക്ഷകരിൽ നിന്നും നിയമനം നടത്തുന്നതിലേക്കായി അൻപതു ശതമാനം സംവരണം ചെയ്യേണ്ടതും,

(ബി) ശേഷിക്കുന്ന അൻപതു ശതമാനം 1958- ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടിക്രമം അനുസരിച്ച് നികത്തേണ്ടതും, ആണ്."

ടി 9-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (എ) ഖണ്ഡം പ്രകാരം നേരിട്ടുള്ള നിയമനങ്ങൾക്ക് ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികളുടെയും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടവരുടെയും, കുടുംബത്തിലുള്ള അപേക്ഷകരിൽ നിന്നും നിയമനം നടത്തുന്നതിലേക്കായി അൻപതു ശതമാനം ഒഴിവുകൾ സംവരണം ചെയ്യേണ്ടതാണെന്ന് നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്.

'കുടുംബം' എന്ന പദം ടി ആക്ടിലെ 2(ഐ) വകുപ്പ് പ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ളത് താഴെപ്പറയും പ്രകാരമാണ്-

(ഐ) "കുടുംബം " എന്നാൽ,-

(I) ഭർത്താവ്, ഭാര്യ, അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടികൾ, അവിവാഹിതരായ പുത്രിമാർ, ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾ എന്നിവരും.

(ii) ഈറ്റ തൊഴിലാളിയെയോ, കാട്ടുവള്ളി തൊഴിലാളിയെയോ,തഴ തൊഴിലാളിയെയോ അല്ലെങ്കിൽ സ്വന്തമായി തൊഴിലിലേർപ്പെട്ടിരിക്കുന്ന ആളേയോ മാത്രം ആശ്രയിച്ച് കഴിയുന്ന അച്ഛനും അമ്മയും എന്നർത്ഥമാകുന്നു,"

ടി നിർവ്വചനത്തിൽ ഉൾപ്പെടുന്ന കുടുംബാഗങ്ങൾക്ക് മാത്രമാണ് 9-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള സംവരണത്തിന് അർഹതയുള്ളത്.

ടി വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും നിയമന രീതിയും മറ്റ് സേവന വേതന വ്യവസ്ഥകളും സർക്കാരിനാൽ നിർണയിക്കപ്പെടാവുന്നതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു.

ടി ആക്ടിലെ 2-ാം വകുപ്പ് (കൃ) ഉപവകുപ്പ് പ്രകാരം നിർണയിക്കപ്പെട്ട എന്ന പദം നിർവ്വചിക്കപ്പെട്ടിട്ടുള്ളത് താഴെപ്പറയും പ്രകാരമാണ്.

"നിർണയിക്കപ്പെട്ട" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

1998-ലെ കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ആക്ടിൻ കീഴിൽ നിർമ്മിക്കപ്പെട്ട 1999- ലെ കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ചട്ടങ്ങളിലെ ചട്ടം 16 ഉപ ചട്ടം (6) പ്രകാരം എൽ.ഡി ക്ലാർക്കിന്റെ നിയമന രീതി നിഷ്കർഷിക്കപ്പെട്ടിരിക്കുന്നത് താഴെപ്പറയും പ്രകാരമാണ്:

"(6) എൽ.ഡി ക്ലാർക്ക്, സ്റ്റെനോഗ്രാഫർ ഗ്രേഡ്-2/ടൈപ്പിസ്റ്റ് ഗ്രേഡ്-2 -

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളിലേക്ക് പി.എസ്.സി മുഖാന്തരം തിരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ നിർദ്ദിഷ്ട അടിസ്ഥാന യോഗ്യതകൾ ഈ തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തുന്നതിന് ബാധകമായിരിക്കും. ടൈപ്പിസ്റ്റുകളായി നിയമനത്തിലുള്ള എഴുത്ത് പരീക്ഷയിൽ വിജയികളാകുന്നവർ ടൈപ്പ്റൈറ്റിംഗ് ടെസ്റ്റിലും വിജയം വരിക്കേണ്ടുന്നതാണ്. ഈ പറയുന്ന മൂന്ന് തസ്തികകളിൽ ഉദ്യോഗാർത്ഥിയെ എടുക്കുമ്പോൾ ഓരോ വർഷത്തെ ഇതേ തസ്തികയിലെ സർക്കാർ ഓഫീസിലോ, സർക്കാർ നിയന്ത്രണ സ്ഥാപനങ്ങളിലോ, മുൻപരിചയമുള്ളവർക്ക് മുൻഗണന നൽകുന്നതിന് അഞ്ച് മാർക്ക് വീതം ഗ്രേസ് മാർക്ക് നൽകേണ്ടുന്നതാണ്. ഇപ്രകാരം ഉണ്ടാക്കിയ ലിസ്റ്റ് ബോർഡ് അംഗീകരിച്ച ശേഷം പ്രസിദ്ധീകരിക്കേണ്ടുന്നതും അപ്രകാരം പ്രസിദ്ധീകരിച്ച ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥിയെ നിയമിക്കേണ്ടതുമാകുന്നു. ഇപ്രകാരം ഉണ്ടായ ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി മുതൽ ഒരു വർഷം പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്."

എൽ.ഡി ക്ലാർക്ക് തസ്തികയിലേക്ക് നിഷ്കർഷിക്കപ്പെട്ടിരിക്കുന്ന നിയമന രീതി എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനമാണ്. ബോർഡ് അംഗീകരിച്ച ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാണെന്നും പ്രസ്തുത ലിസ്റ്റിന് ഒരു വർഷം കാലാവധിയുണ്ടെന്നും ടി ചട്ടങ്ങളിൽ നിന്നും വ്യക്തമാകുന്നു.

ടി ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ചാണ് ശ്രീമതി മിനി . എം . എൻ . ശ്രീമതി അനിത ടി . ജി എന്നിവരെ എൽ.ഡി ക്ളാർക്കായി ദിവസവതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതെങ്കിൽ ടിയാളുകളുടെ നിയമനങ്ങൾ ക്രമപ്പെടുത്താവുന്നതാണ്. ടി ചട്ടത്തിലെ വ്യവസ്ഥകൾ പാലിക്കാതെ ദിവസവേതനാടിസ്ഥാനത്തിൽ സേവനത്തിനായി നിയോഗിക്കപ്പെട്ടതാണെങ്കിൽ അങ്ങനെയുള്ള നിയമനങ്ങൾ സ്ഥിരപ്പെടുത്തുന്നത് ഉമാദേവി [ State of Karnataka V.Umadevi (AIR 2006 SC 1806)] കേസിൽ ബഹു.സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിനും 1998- ലെ കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റിനും, 1999- ലെ കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ചട്ടങ്ങൾക്കും വിരുദ്ധമാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു".

5) ശ്രീമതി മിനി എം.എൻ, ശ്രീമതി അനിത റ്റി ജി എന്നിവരെ ബോർഡിൽ സേവനത്തിലെടുത്തത് 1999-ലെ കേരള ഈറ്റ , കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ചട്ടം 16 ഉപചട്ടം (6) പ്രകാരമല്ല എന്നും സ്ഥിരം ജീവനക്കാരില്ലാത്ത ബോർഡിൽ ജീവനക്കാരുടെ പോരായ്മ ഉണ്ടായപ്പോൾ ഭരണസമിതിതീരുമാന പ്രകാരമാണ് ദിവസവേതനാടിസ്ഥാനത്തിൽ ഇവരെ നിയമിച്ചതെന്നും 1998- ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്ട് പ്രകാരം ഈറ്റ, കാട്ടുവള്ളി തഴ തൊഴിലാളികളുടെയും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടവരുടെയും കുടുംബത്തിൽ നിന്നുള്ള അപേക്ഷകരിൽ നിന്നും നിയമനം നടത്തുന്നതിലേക്കായി 50% സംവരണം ചെയ്യേണ്ടതുണ്ടെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ബോർഡ് സി.ഇ.ഒ അറിയിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനങ്ങൾ നടത്തിയാൽ പ്രസ്തുത അമ്പത് ശതമാനം സംവരണം നടപ്പിലാക്കാൻ

സാധിക്കാത്ത സാഹചര്യമുണ്ടാകുമെന്നതിനാൽ ബോർഡിലെ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ല നടത്തുന്നതെന്നും ശ്രീമതി മിനി എം.എൻ, ശ്രീമതി അനിത റ്റി ജി എന്നിവർ പരമ്പരാഗത ഈറ്റ തൊഴിലാളികളുടെ മക്കളാണെന്നും ബോർഡ് സി.ഇ.ഒ അറിയിച്ചിട്ടുണ്ട്. സി.ഇ.ഒ യുടെ റിപ്പോർട്ട് പ്രകാരം 1999-ലെ കേരള ഈറ്റ , കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ചട്ടം 16 ഉപചട്ടം (6) പ്രകാരമല്ല ശ്രീമതി മിനി എം.എൻ, ശ്രീമതി അനിത റ്റി ജി എന്നിവരെ നിയമിച്ചത് എന്ന് വ്യക്തമാണ്.എന്നാൽ ടി ആക്ട് 9-ാം വകുപ്പ് (3)-ാം ഉപവകുപ്പ് ഖണ്ഡം (എ) പ്രകാരം നേരിട്ടുള്ള നിയമനങ്ങൾക്ക് ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികളുടെയും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും, കുടുംബത്തിലുള്ള അപേക്ഷകരിൽ നിന്നും നിയമനം നടത്തുന്നതിലേക്കായി അൻപതു ശതമാനം തസ്തികകൾ സംവരണം ചെയ്യേണ്ടതുണ്ടെന്ന വസ്തുത കണക്കിലെടുത്താണ് ദിവസവേതനാടിസ്ഥാനത്തിൽ ഇവരെ നിയമിച്ചത് എന്നു കാണുന്നു.

6) ഇ സാഹചര്യത്തിൽ വീണ്ടും ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

**"നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഭരണ വകുപ്പ് ശുപാർശ അംഗീകരിക്കുവാൻ നിർവാഹമില്ലന്ന് അറിയിക്കുന്നു".**

7) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. മിനി.എം. എൻ, ശ്രീമതി. അനിത. ടി. ജി എന്നിവരെ സ്ഥിരപ്പെടുത്തുന്ന ശുപാർശ അംഗീകരിക്കാൻ കഴിയില്ല എന്ന വിവരം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ അറിയിക്കുവാനുള്ള ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ക്ഷേമനിധി ബോർഡിന്റെ ശുപാർശ ഒരു പ്രത്യേക കേസായി പരിഗണിച്ച് ജീവനക്കാരെ സർവീസിൽ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതിലേക്കായി, ഇക്കാര്യം

മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

**<u>തീരുമാനിക്കേണ്ട കാര്യം</u>**

എ) ധനകാര്യ വകുപ്പിന്റേയും നിയമ വകുപ്പിന്റേയും അഭിപ്രായം മറികടന്ന്, പ്രത്യേക കേസായി പരിഗണിച്ച്, കേരള ഈറ്റ , കാട്ടുവള്ളി , തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ പത്തു വർഷത്തിലധികമായി (10 വർഷം) ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. മിനി.എം. എൻ, ശ്രീമതി. അനിത. ടി. ജി എന്നിവരുടെ നിയമനം അവർ 10 വർഷം സര്വ്വീസ് പൂർത്തിയാക്കിയ തീയ്യതി മുതൽ സ്ഥിരപ്പെടുത്താമോ?

അല്ലെങ്കിൽ

ബി) കേരള ഈറ്റ , കാട്ടുവള്ളി , തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. മിനി.എം. എൻ, ശ്രീമതി. അനിത. ടി. ജി എന്നിവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള ശിപാർശ, ധനകാര്യ വകുപ്പിന്റേയും നിയമ വകുപ്പിന്റേയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിരസിക്കാമോ?

## Note for the Council of Ministers

This note deals with the regularisation of service of Smt.Mini.M.N and Smt.Anitha .T.G who are working as L.D.Clerks in the Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund Board on daily wage basis.

2) Meeting of the Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund Board held on 9/3/2018 unanimously decided to propose to Government to regularise the service of Smt.Mini.M.N and Smt.Anitha.T.G , who are continuously working on daily wage basis in Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund Board for 14 years and 11 years respectively. According to Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund Act 1998, fifty percent of the posts shall be reserved appointment from among the candidates belonging to the families of the bamboo- kattuvalli or pandanus leaf workers and self-employed persons. As Smt.Mini.M.N and Smt.Anitha.T.G belong to the families of traditional bamboo workers, the Chief Executive Officer has requested to regularise the service of Smt.Mini.M.N and Smt.Anitha.T.G. As per the existing scale of pay of L.D Clerks while regularising the service of the above, there will be an additional expense of Rs. 24,050/-per month (BP 19,000/+ 20%DA+HRA1250/-) . Total annual expenditure will be Rs.5,77,200/-( 24,050 x2 x 12).

3) In this regard the Finance Department offered the following remarks:-

**"1998-ലെ കേരള ഈറ്റ കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി ആക്റ്റ് Rule 9 (എ) , State of Karnataka V.Umadevi (AIR 2006 SC 1806) കേസിലെ ബഹു. സുപ്രീം കോടതി വിധിയുടെ എന്നിവയുടെ അടിസ്ഥാനത്തിലുള്ള നിയമ വകുപ്പിന്റെ അഭിപ്രായം സഹിതം ഫയൽ സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു".**

4) The file was forwarded to **Law Department** for opinion and that Department remarked as follows:-

"കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ദിവസവേതനാടിസ്ഥാനത്തിൽ എൽ.ഡി ക്ളാർക്കുമാരായി ജോലി ചെയ്തു വരുന്ന ശ്രീമതി മിനി . എം . എൻ , ശ്രീമതി അനിത ടി . ജി എന്നിവരെ സേവനത്തിൽ സ്ഥിരപ്പെടുത്തുന്നത് 1998- ലെ കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റ് പ്രകാരവും ബഹു.സുപ്രീം കോടതിയുടെ ഉമാദേവി കേസിലെ [State of Karnataka V.Umadevi (AIR 2006 SC 1806)] വിധിന്യായ പ്രകാരവും പരിശോധിച്ച് അഭിപ്രായം ആരായുന്നതിനാണ് ഫയൽ ഈ വകുപ്പിന് കൈമാറിയിട്ടുള്ളത്.

1998-ലെ കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ 9-ാം വകുപ്പ് താഴെപ്പറയും പ്രകാരമാണ്.-

"9. ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനം- (1) സർക്കാരിന് ഈ ആക്റ്റ് പ്രകാരം ബോർഡിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുവാൻ ബോർഡിനെ സഹായിക്കുന്നതിന് ഒരു ചീഫ് എക്സിക്യൂട്ടീവ്

ഓഫീസറെയും ആവശ്യമെന്ന് അവർ കരുതുന്നത്ര മറ്റ് ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(2) (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും മറ്റ് ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും നിയമന രീതിയും വ്യവസ്ഥകളും സർക്കാരിനാൽ നിർണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) നേരിട്ടുള്ള നിയമനം വഴി നിയമനം നടത്തപ്പെടുന്ന ബോർഡിന്റെ കീഴിലുള്ള സർവ്വീസിലെ തസ്തികകളുടെ സംഗതിയിൽ,-

(എ) ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളികളുടെയും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടവരുടെയും കുടുംബത്തിലുള്ള അപേക്ഷകരിൽ നിന്നും നിയമനം നടത്തുന്നതിലേക്കായി അൻപതു ശതമാനം സംവരണം ചെയ്യേണ്ടതും,

(ബി) ശേഷിക്കുന്ന അൻപതു ശതമാനം 1958- ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടിക്രമം അനുസരിച്ച് നികത്തേണ്ടതും, ആണ്."

ടി 9-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (എ) ഖണ്ഡം പ്രകാരം നേരിട്ടുള്ള നിയമനങ്ങൾക്ക് ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളികളുടെയും സ്വന്തമായി തൊഴിലിലേർപ്പെട്ടവരുടെയും, കുടുംബത്തിലുള്ള അപേക്ഷകരിൽ നിന്നും നിയമനം നടത്തുന്നതിലേക്കായി അൻപതു ശതമാനം ഒഴിവുകൾ സംവരണം ചെയ്യേണ്ടതാണെന്ന് നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്.

'കുടുംബം' എന്ന പദം ടി ആക്റ്റിലെ 2(ഐ) വകുപ്പ് പ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ളത് താഴെപ്പറയും പ്രകാരമാണ്-

(ഐ) "കുടുംബം " എന്നാൽ,-

(i) ഭർത്താവ്, ഭാര്യ, അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടികൾ, അവിവാഹിതരായ പുത്രിമാർ, ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾ എന്നിവരും.

(ii) ഈറ്റ തൊഴിലാളിയെയോ, കാട്ടുവള്ളി തൊഴിലാളിയെയോ, തഴ തൊഴിലാളിയെയോ അല്ലെങ്കിൽ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളെയോ മാത്രം ആശ്രയിച്ച് കഴിയുന്ന അച്ഛനും അമ്മയും, എന്നർത്ഥമാകുന്നു,"

ടി നിർവ്വചനത്തിൽ ഉൾപ്പെടുന്ന കുടുംബാഗങ്ങൾക്ക് മാത്രമാണ് 9-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള സംവരണത്തിന് അർഹതയുള്ളത്.

ടി വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും നിയമന രീതിയും മറ്റ് സേവന വേതന വ്യവസ്ഥകളും സർക്കാരിനാൽ നിർണയിക്കപ്പെടാവുന്നതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു.

ടി ആക്ടിലെ 2-ാം വകുപ്പ് (ക്യു) ഉപവകുപ്പ് പ്രകാരം നിർണയിക്കപ്പെട്ട എന്ന പദം നിർവ്വചിക്കപ്പെട്ടിട്ടുള്ളത് താഴെപ്പറയും പ്രകാരമാണ്.

"നിർണയിക്കപ്പെട്ട" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

1998-ലെ കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ആക്ടിൻ കീഴിൽ നിർമ്മിക്കപ്പെട്ട 1999- ലെ കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ചട്ടങ്ങളിലെ ചട്ടം 16 ഉപ ചട്ടം (6) പ്രകാരം എൽ.ഡി ക്ലാർക്കിന്റെ നിയമന രീതി നിഷ്കർഷിക്കപ്പെട്ടിരിക്കുന്നത് താഴെപ്പറയും പ്രകാരമാണ്:

"(6) <u>എൽ.ഡി ക്ലാർക്ക്, സ്റ്റെനോഗ്രാഫർ ഗ്രേഡ്-2/ടൈപ്പിസ്റ്റ് ഗ്രേഡ്-2 -</u>

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളിലേക്ക് പി.എസ്.സി മുഖാന്തരം തിരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ നിർദ്ദിഷ്ട അടിസ്ഥാന യോഗ്യതകൾ ഈ തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിന് ബാധകമായിരിക്കും. ടൈപ്പിസ്റ്റുകളായി നിയമനത്തിലുള്ള എഴുത്ത് പരീക്ഷയിൽ വിജയികളാകുന്നവർ ടൈപ്പ്റൈറ്റിംഗ് ടെസ്റ്റിലും വിജയം വരിക്കേണ്ടുന്നതാണ്. ഈ പറയുന്ന മൂന്ന് തസ്തികകളിൽ

ഉദ്യോഗാർത്ഥിയെ എടുക്കുമ്പോൾ ഓരോ വർഷത്തെ ഇതേ തസ്തികയിലെ സർക്കാർ ഓഫീസിലോ, സർക്കാർ നിയന്ത്രണ സ്ഥാപനങ്ങളിലോ, മുൻപരിചയമുള്ളവർക്ക് മുൻഗണന നൽകുന്നതിന് അഞ്ച് മാർക്ക് വീതം ഗ്രേസ് മാർക്ക് നൽകേണ്ടുന്നതാണ്. ഇപ്രകാരം ഉണ്ടാക്കിയ ലിസ്റ്റ് ബോർഡ് അംഗീകരിച്ച ശേഷം പ്രസിദ്ധീകരിക്കേണ്ടുന്നതും അപ്രകാരം പ്രസിദ്ധീകരിച്ച ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥിയെ നിയമിക്കേണ്ടതുമാകുന്നു. ഇപ്രകാരം ഉണ്ടായ ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി മുതൽ ഒരു വർഷം പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്."

എൽ.ഡി ക്ളാർക്ക് തസ്തികയിലേക്ക് നിഷ്കർഷിക്കപ്പെട്ടിരിക്കുന്ന നിയമന രീതി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനമാണ്. ബോർഡ് അംഗീകരിച്ച ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാണെന്നും പ്രസ്തുത ലിസ്റ്റിന് ഒരു വർഷം കാലാവധിയുണ്ടെന്നും ടി ചട്ടങ്ങളിൽ നിന്നും വ്യക്തമാകുന്നു.

ടി ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ചാണ് ശ്രീമതി മിനി . എം . എൻ , ശ്രീമതി അനിത ടി . ജി എന്നിവരെ എൽ.ഡി ക്ളാർക്കായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതെങ്കിൽ ടിയാളുകളുടെ നിയമനങ്ങൾ ക്രമപ്പെടുത്താവുന്നതാണ്. ടി ചട്ടത്തിലെ വ്യവസ്ഥകൾ പാലിക്കാതെ ദിവസവതനാടിസ്ഥാനത്തിൽ സേവനത്തിനായി നിയോഗിക്കപ്പെട്ടതാണെങ്കിൽ അങ്ങനെയുള്ള നിയമനങ്ങൾ സ്ഥിരപ്പെടുത്തുന്നത് ഉമാദേവി [ State of Karnataka V.Umadevi (AIR 2006 SC 1806)] കേസിൽ ബഹു.സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിനും 1998- ലെ കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റിനും, 1999- ലെ കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ചട്ടങ്ങൾക്കും വിരുദ്ധമാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

5) The appointment of Mrs. Mini M.N and Mrs. Anitha T.G to the Board was not in accordance with Sub-section 16 (6) of the Kerala Bamboo Kattuvalli and Pandanus Leaf Workers Welfare Fund Rules, 1999 . When the board experienced shortage of staff, they were appointed on daily wage basis with the decision of the Board of Directors .The Chief Executive Officer reports that the Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund Act, 1998 stipulates that 50% posts are to be reserved for appointment from among the family members of Bamboo Kattuvalli and Pandanus workers and self-employed applicants. The Board has reported that the appointments are not made through the Employment Exchange as the 50 per cent reservation criteria shall not be implemented ,if the appointments are made through the Employment Exchange. Smt. Mini M.N and Smt. Anitha T.G are from the families of traditional bamboo workers. It is clear from the report of the Chief Executive Officer, that Smt. Mini M.N and Smt . Anitha T.G are appointed without following section 16(6) of the Act . But they are appointed considering the provision in Section 9 (3) sub-section (a) of the Act, that fifty per cent reservation is required for direct recruitment from Bamboo, Kattuvalli and Pandanus workers, self-employed and family applicants.

6) The file was again forwarded to Finance Department for remarks and that Department remarked as follows:-

"നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഭരണ വകുപ്പ് ശുപാർശ അംഗീകരിക്കുവാൻ നിർവാഹമില്ലന്ന് അറിയിക്കുന്നു".

7) Based on the remarks of Finance Department, file was submitted for orders for informing the Board that Government is not agreeing with the proposal for regularising the appointment of Smt.Mini.M.N and Smt.Anitha .T.G who have been working as L.D.Clerks in the Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund Board on daily wage basis .Then Hon'ble Chief Minister has ordered to place the matter before the Council of ministers for considering the proposal to regularise the service of the employees as a special case.

**Point for decision**

A. Whether the proposal to regularise the appointment of Smt.Mini.M.N and Smt.Anitha.T.G who are working as L.D.Clerks in the Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund Board on daily wage basis for more than ten years (10 years) may be approved as a special case , from the date of completion of their 10 year service, over ruling the opinion of Finance Department and Law Department?

OR

B.Whether the appointment of Smt.Mini.M.N and Smt.Anitha.T.G who are working as L.D.Clerks on daily wage basis in the Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund Board may be rejected on the basis of the opinion of Finance and Law Departments?